LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അംഗപരിമിതരുടെ ക്ഷേമ പ്രവർത്തനങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ ഭാഗമായുള്ളതാണ്. കൂടാതെ കുട്ടികളിലെ വൈകല്യം മുൻകൂട്ടി കണ്ടെത്തി ആയത് പരിഹരിക്കുന്നതിനുള്ള പദ്ധതി അംഗൻവാടികൾ വഴിയും നടപ്പിലാക്കിവരുന്നുണ്ട്. ആയതിന്റെ വിവരങ്ങൾ ശേഖരിക്കുക അംഗൻവാടി പ്രവർത്തകരുടെ ചുമതലയാണ്. സമയബന്ധിതമായി അംഗപരിമിതരുടെ സർവ്വേ പൂർത്തീകരിക്കേണ്ടതിനാലാണ് പ്രസ്തുത സർവ്വേ പ്രവർത്തനങ്ങളിൽ അംഗൻവാടി പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തിയത്. വളരെ ചുരുങ്ങിയ കാലത്തേയ്ക്കുമാത്രമാണ് സർവ്വേ പ്രവർത്തനങ്ങൾ നടത്തുന്നത്. എന്നതിനാൽ ആയതിൽനിന്നും അംഗൻവാടി പ്രവർത്തകരെ ഒഴിവാക്കാൻ നിർവ്വാഹമില്ല.

ദത്തെടുക്കൽ നടപടിക്രമങ്ങളിലെ കാലതാമസം

174 (2807) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുട്ടികളില്ലാത്തതും ദത്തെടുക്കലിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമായ എത്ര ദമ്പതിമാർ ഉണ്ട് ; നടപടിക്രമങ്ങൾ അനുസരിച്ച് ദത്തെടുക്കാൻ കഴിയുന്ന എത്ര കുട്ടികൾ സംസ്ഥാനത്തുണ്ട് ;

(ബി) നിയമപ്രകാരമുള്ള ദത്തെടുക്കലിന് അപേക്ഷ സമർപ്പിച്ച ദമ്പതികൾക്ക് ദത്ത് അനുവദിച്ചുനൽകുന്നതിന് കാലതാമസം ഉണ്ടാകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്താണ് ഇതിന് കാരണം ;

(സി) ദത്തെടുക്കൽ നിയമത്തിൽ കർശന നിബന്ധനകൾ പലപ്പോഴും ദത്തെടുക്കാൻ തയ്യാറാകുന്ന ദമ്പതികളെ പിൻതിരിപ്പിക്കുന്നുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ബന്ധപ്പെട്ട നിയമത്തിൽ ആവശ്യമായ ഇളവുകൾ അടിയന്തരമായി ഏർപ്പെടുത്തി ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കുട്ടികളില്ലാത്തതും ദത്തെടുക്കലിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമായ 168 ദമ്പതികളുണ്ട്. നടപടിക്രമങ്ങൾ അനുസരിച്ച് ദത്തെടുക്കാൻ കഴിയുന്ന 75 കുട്ടികൾ സംസ്ഥാനത്തുണ്ട്.

(ബി) ഉണ്ട്. അപേക്ഷകർ ആഗ്രഹിക്കുന്ന പ്രകാരമുള്ള കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവും പ്രായക്കൂടുതലുള്ള ദമ്പതിമാർക്ക് കൈക്കുഞ്ഞിനെത്തന്നെ വേണമെന്ന നിർബന്ധവും മറ്റ് സംസ്ഥാനങ്ങളിൽനിന്നും മുതിർന്ന കുട്ടികളെ ദത്തെടുക്കാൻ വിമുഖത കാട്ടുന്നതുമാണ് ദത്ത് നൽകുന്നതിന് കാലതാമസം നേരിടുന്നതിനുള്ള പ്രധാന കാരണങ്ങൾ.

(സി) ഉണ്ട്.

(ഡി) സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി (CARA) കാലാ കാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും ബാലനീതി നിയമവും അനുസരിച്ചാണ് സംസ്ഥാനത്ത് കുഞ്ഞുങ്ങളെ ദത്ത് നൽകുന്നത്. ദത്ത് നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ കരടുരൂപം വന്നപ്പോൾ ആവശ്യമായ ഇളവുകൾ വരുത്തുവാൻ സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

വികലാംഗർക്ക് സഹായ ഉപകരണങ്ങൾ

175 (2808) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗർക്ക് സഹായക ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോയെന്നു വിശദമാക്കാമോ ;

(ബി) വികലാംഗർക്ക് മുച്ചക്ര മോട്ടോർ സൈക്കിളുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വികലാംഗർക്ക് സഹായക ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതി സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു. സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന മുച്ചക്ര സൈക്കിൾ, മുച്ചക്ര മോട്ടോർ സൈക്കിൾ, വീൽ ചെയർ, സി.പി.ചെയർ, റൊളേറ്റർ, ക്രച്ചസ്, കേൾവി സഹായി, വാക്കർ, വാക്കിംഗ് സ്റ്റിക്, ടൈപോഡ്, കൊളോസ്റ്റമി ബാഗ്, ലിംബ് കാലിപ്പർ മുതലായ സഹായക ഉപകരണങ്ങൾ നൽകുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ ത്രിതല പഞ്ചായത്തുകൾ മുഖേനയും ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, ത്രിതല പഞ്ചായത്തുകൾ എന്നിവ മുഖേന വികലാംഗർക്ക് മുച്ചക്ര മോട്ടോർ സൈക്കിളുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന 181 പേർക്ക് മുച്ചക്ര സ്കൂട്ടർ വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly